(1)	(2)	(3)
7	ഞാവലിൻ കടവ് പദ്ധതി	മണ്ണൂർ പഞ്ചായത്തിന് ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഞാവലിൻ കടവ് ഉറവിടമാക്കിക്കൊണ്ട് 692 ലക്ഷം രൂപയുടെ വിശദമായ ഒരു എഞ്ചിനീയറിംഗ് റിപ്പോർട്ട് 2010-ൽ എസ്.എൽ.എസ്.എസ്-ക്ക് സമർപ്പിച്ചെങ്കിലും ജല ശുദ്ധീകരണ ശാല നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല.

മുതലമട പഞ്ചായത്തിലെ കടിവെള്ളക്ഷാമം

136 (8196) ശ്രീ. വി. ചെന്താമരക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ കുടിവെള്ളം നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മുതലമട പഞ്ചായത്തിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) മുതലമട പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം ജലസ്രോതസ്സായി വിപുലമായ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; നിലവിൽ ഇത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ഉണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി ഭാഗികമായാണ് ശുദ്ധജല വിതരണം നടത്തുന്നത്. ഇതിൽ മീങ്കര ഡാം സ്രോതസ്സായ പദ്ധതിയിൽനിന്നും ഗോവിന്ദപുരം അംബേദ്കർ കോളനി, നീലപ്പാറ എസ്.സി. കോളനി എന്നീ പ്രദേശങ്ങളിലായി ഏകദേശം 2000 പേർക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. ഇതിനുപുറമെ നടുവൻചിറ കുഴൽക്കിണർ പദ്ധതിയിൽനിന്ന് ആ പ്രദേശത്തെ ഏകദേശം 500 പേർക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. കൂടാതെ ഇണക്കടവ് കുടിവെള്ള പദ്ധതിയിൽനിന്ന് ഇണക്കടവ് ടൈബൽ കോളനിയിലെ 500 ഓളം ജനങ്ങൾക്ക് കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്തിക്കുന്നതാണ്. ഇതുകൂടാതെ മുതലമട പഞ്ചായത്തിൽ ജലനിധി പ്രകാരം പൂർത്തിയാക്കിയ 6 മിനി കുടിവെള്ള പദ്ധതിയിലേക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പിൽനിന്നും ബൾക്ക് മീറ്റർവച്ച് കുടിവെള്ളം നൽകുന്നുണ്ട്. ഇത് 2000 പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട്.

(സി) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ചുള്ളിയാർ ഡാമിൽനിന്നും, ജലസ്രോതസ്സിന്റെ അപര്യാപ്തത കാരണം ഒരു ജലവിതരണ പദ്ധതിയും ഇതുവരെ വിഭാവന ചെയ്തിട്ടില്ല. എന്നാൽ ചുള്ളിയാർ ഡാമിൽ പലകപ്പാണി പദ്ധതിയിൽ നിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കുകയാണെങ്കിൽ മുതലമട പഞ്ചായത്തിനും സമീപ പ്രദേശങ്ങൾക്കുമായി വിപുലമായ പദ്ധതി രൂപകല്പന ചെയ്യാവുന്നതാണ്. ഇതിനായി ചുള്ളിയാർ ഡാമിൽനിന്നും വെള്ളം ലഭിക്കുന്നതിനും പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനും അനുസൃതമായി മാത്രമേ പദ്ധതി രൂപകല്പന ചെയ്യുവാൻ സാധിക്കുകയുള്ളൂ.

പുറക്കാട് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

137 (8197) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ പുറക്കാട് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുറക്കാട് പഞ്ചായത്തിലെ ഒറ്റപ്പന ഭാഗത്തും ഇല്ലിച്ചിറ പ്രദേശത്തും കുടിവെള്ളക്ഷാമം നിലനിൽക്കുന്നുണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) പുറക്കാട് പഞ്ചായത്തിലെ മത്സ്യഗ്രാമങ്ങളിലേക്ക് കുടിവെള്ളം നൽകുന്നതിനായി മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 128.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇല്ലിച്ചിറയിലെ തൈച്ചിറയിൽ നിന്നുള്ള കനാലിന് കുറുകെയുള്ള തകരാറിലായ